"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - വയനാട് ഡിവിഷനിലെ മാനന്തവാടി എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ഇ.എസ്.ജെയ്മോന് ഡ്യൂട്ടിക്കിടെ സംഭവിച്ച അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകപ്പെട്ട തുക ശ്രീ.ഇ.എസ്.ജെയ്മോന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.573/2025/TAXES** **തീയതി,തിരുവനന്തപുരം, 20-06-2025**

---

പരാമർശം:- 1. 09.05.2025-ലെ സ.ഉ.(സാധാ)നം.442/2025/നികുതി.

2. എക്സൈസ് കമ്മീഷണറുടെ 27.05.2025-ലെ ഇ.എക്സ്.സി/1434/2025 -എക്സ്.ഇ6 നമ്പർ കത്ത്.

**ഉത്തരവ്**

എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനിടെ മറ്റൊരു വ്യക്തിയുടെ ആക്രമണത്തിനിരയായാണ് ശ്രീ.ഇ.എസ്.ജെയ്മോന് പരിക്കുപറ്റിയിട്ടുള്ളത് എന്ന സവിശേഷ സാഹചര്യം കണക്കിലെടുത്ത് ഇത്തരം കേസുകളിൽ ചികിത്സാ ചെലവുകൾ സർക്കാർ വഹിക്കേണ്ടത് ധാർമികമായ അനിവാര്യതയും ജീവനക്കാരിൽ മനോവീര്യം വർദ്ധിപ്പിക്കുന്നതിന് അത്യാവശ്യമുള്ള സംഗതിയും ആയതിനാൽ ശ്രീ.ജെയ്മോന്റെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും സർക്കാർ വഹിക്കുമെന്ന് വ്യക്തമാക്കിയും, ഇതിനായി എക്സൈസ് കമ്മീഷണറേറ്റിന്റെ 34-3NV ശീർഷകത്തിൽ നിന്നും 10 ലക്ഷം രൂപ അടിയന്തരമായി അനുവദിച്ചു നൽകുന്നതിനും, ഈ തുക ഹോസ്പിറ്റൽ ബിൽ ഇനത്തിൽ ഹോസ്പിറ്റലിന്റെ അക്കൗണ്ടിലേക്ക് എക്സൈസ് കമ്മീഷണർ പുറപ്പെടുവിക്കുന്ന നടപടിക്രമം പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി.

**2)** ശ്രീ.ഇ.എസ്.ജെയ്മോൻ 08.03.2025 മുതൽ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ അഡ്മിറ്റായി 24.03.2025-ൽ ഡിസ്ചാർജ് ആയിട്ടുണ്ടെന്നും തുടർന്ന്, വീട്ടിൽ വിശ്രമത്തിൽ കഴിയുകയാണെന്നും, തുടർചികിത്സ നടത്തി വരികയാണെന്നും, ടി ആശുപത്രിയിൽ 24.03.2025 വരെയുള്ള ചികിത്സയ്ക്ക് ആകെ 16,38,010/-രൂപ ചെലവായിട്ടുണ്ടെന്നും, അടിയന്തര ശസ്ത്രക്രിയയും മറ്റും ചെയ്യണമെങ്കിൽ തുക മുൻകൂർ ആയി അടച്ചാൽ മാത്രമെ ചെയ്യുകയുള്ളുവെന്ന്

ആശുപത്രിയിൽനിന്നും അറിയിച്ചതിനാൽ ഭാര്യയുടെ ബന്ധുക്കളിൽനിന്നും വിവിധ വ്യക്തികളിൽ നിന്നും, സർക്കാരിൽ നിന്നും ചികിത്സ ധനസഹായം ലഭിക്കുന്നപക്ഷം ഉടനെ തിരികെ നൽകാമെന്ന് ഉറപ്പിന്മേൽ വായ്പയായി പൈസ വാങ്ങി ടിയാൻ ഡിസ്ചാർജ് ആയപ്പോൾ മുഴുവൻ തുകയും ആശുപത്രിയിൽ അടച്ചിട്ടുള്ളതായും, ടിയാന് നഷ്ടപ്പെട്ട നാല് പല്ലുകൾക്കുപകരം കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് ഇനിയും 1,50,000/-രൂപ കൂടി ആവശ്യമായി വരുമെന്നും, നിലവിൽ ശാരീരികമായ അവശതകൾക്കുപുറമെ വലിയ കടബാധ്യതയിലാണെന്നും അതിനാൽ, സർക്കാർ ആദ്യഘട്ടമായി അനുവദിച്ച 10 ലക്ഷം രൂപ ടിയാന്റെ കാനറാ ബാങ്കിന്റെ പനമരം ശാഖയിലെ 4750 2200 1494 12(IFSC Code No.CNRB0014750) എന്ന അക്കൗണ്ട് നമ്പറിലേയ്ക്ക് നൽകണമെന്നുമുള്ള ടിയാന്റെ അപേക്ഷയും ഹോസ്പിറ്റലിൽ നിന്ന് നൽകിയ സാക്ഷ്യപത്രം സഹിതം പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് ലഭ്യമാക്കുകയുണ്ടായി.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ഡിവിഷനിലെ മാനന്തവാടി എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ഇ.എസ്.ജെയ്മോന് ഡ്യൂട്ടിക്കിടെ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാന്റെ സ്വന്തം ബാങ്ക് അക്കൗണ്ടിൽ നിന്നോ ടിയാന്റെ കുടുംബത്തിലുള്ള മറ്റ് ആരുടെയെങ്കിലും അക്കൗണ്ടിൽ നിന്നോ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകപ്പെട്ട തുക വയനാട് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ, എക്സൈസ് വകുപ്പിലെ ഫിനാൻസ് ഓഫീസർ എന്നിവർ പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം ₹10,00,000/-യിൽ( പത്ത് ലക്ഷം രൂപ മാത്രം) അധികരിക്കാതെയുള്ള പ്രസ്തുത തുക ശ്രീ.ഇ.എസ്.ജെയ്മോന്റെ പനമരം ശാഖയിലുള്ള കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**4)** ഇത് സംബന്ധിച്ച് വിശദമായ കണക്ക് സഹിതമുള്ള നടപടി റിപ്പോർട്ട് എക്സൈസ് കമ്മീഷണർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ് -ഇ.ആർ.എസ് .എ), കേരളം, തിരുവനന്തപുരം.
3.ധനകാര്യ വകുപ്പ് (Exp-B1/227/2025-FIN dated 16.06.2025 പ്രകാരം).
4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
5.കരുതൽ ഫയൽ / ഓഫീസ് കോപ്പി (F3/80/2025/TAXES)

ഉത്തരവിൻ പ്രകാരം

Signed by Hemalatha Das
സെക്ഷൻ ഓഫീസർ
Date: 20-06-2025 16:01:59